**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 487** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>മങ്കട ടൗണിൽ വൈദ്യുത ഫീഡർ സ്ഥാപിക്കണമെന്ന ആവശ്യം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** മങ്കട ടൗണിൽ പതിവായി വൈദ്യുതി തടസ്സം ഉണ്ടാകുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** മങ്കട ടൗണിൽ വൈദ്യുതി തടസ്സം ഉണ്ടാകുന്നുണ്ട് എന്ന പരാതി മങ്കട വ്യാപാരി വ്യവസായി ഏകോപന സമിതിയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

**(ബി)** എങ്കിൽ ഇത് പരിഹരിക്കുന്നതിന് വൈദ്യുത ഫീഡർ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** 110 കെ.വി. മങ്കട സബ്സ്റ്റേഷനിൽ നിന്ന് വെള്ളില വരെ 5.7 കി.മി. പുതിയ ഒരു ഫീഡർ എ.ബി.സി. കേബിൾ ഉപയോഗിച്ച് സ്ഥാപിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**